**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **10-06-2024 - ൽ മറുപടിയ്ക്ക്**

**നോൺ ജേർണലിസ്റ്റുകളുടെ ആശ്രിത പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള നോൺ ജേർണലിസ്റ്റുകളുടെ ആശ്രിത പെൻഷൻ എത്ര രൂപയാണെന്നും നിലവിൽ ഉള്ള പെൻഷൻ തുകയുടെ അമ്പതു ശതമാനമാണോ ആശ്രിത പെൻഷനായി നൽകുന്നതെന്നും വ്യക്തമാക്കുമോ; | (എ) | നോൺ ജേർണലിസ്റ്റുകളുടെ ആശ്രിത പെൻഷൻ നിലവിൽ 1250/- രൂപയാണ്. നിലവിലുള്ള പെൻഷൻ തുകയുടെ അമ്പത് ശതമാനമല്ല ആശ്രിത പെൻഷനായി നൽകി വരുന്നത്. |
| (ബി) | പെൻഷൻ നിയമാവലിയിൽ ചട്ടം 18 ൽ ഇതിനെ എങ്ങനെയാണ് നിർവ്വചിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് മരണം സംഭവിച്ചാൽ അയാൾ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷന്റെ 50% തുക കുടുംബ പെൻഷനായി നൽകുന്നതാണ് എന്നാണ് നിർവ്വചിച്ചിട്ടുള്ളത്. |
| (സി) | പതിനൊന്ന് വർഷം മുൻപുള്ള പെൻഷൻ തുകയായ 2500 രൂപയുടെ അമ്പത് ശതമാനം മാത്രമാണ് നിലവിൽ ആശ്രിത പെൻഷനായി നകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പത്രപ്രവർത്തകേതര പെൻഷൻ ചട്ടം 5 പ്രകാരം പെൻഷൻ നൽകുന്നതിലേയ്ക്കായി സർക്കാർ വിഹിതം, അംഗങ്ങൾ മാസം തോറും അടയ്ക്കുന്ന അംശദായം, പത്ര ഉടമകളിൽ നിന്ന് ലഭിക്കുന്ന സംഭാവന എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പെൻഷൻ നിധി രൂപീകരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പത്രമാനേജ്മെന്റുകൾ അവരുടെ കോൺട്രിബ്യൂഷൻ ലഭ്യമാക്കുന്നില്ല. ആയതിനാൽ പെൻഷൻ നിധി രൂപീകരണവും പെൻഷൻ ചട്ടം ഭേദഗതി ചെയ്യുന്നതുമായ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം മാത്രമേ ആശ്രിത പെൻഷൻ വർദ്ധനവ് പരിഗണിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ